'ഭരണഭാഷ - മാതൃഭാഷ'
പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം
നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം-695 033
ഫോൺ: 0471-2304594, 0471--2303229. ഫാക്സ്: 0471-2302990.
ഇ-മെയിൽ: keralatribes@gmail.com

നമ്പർ. C1/5888/23(1)

തീയതി: 07/07/2023

## വിജ്ഞാപനം

## സിവിൽ സർവീസ് പരീക്ഷാ പരിശീലനം അപേക്ഷ ക്ഷണിക്കുന്നു.

പട്ടികവർഗ യുവതീയുവാക്കളുടെ വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമാക്കി നിർദ്ദിഷ്ട യോഗ്യതയുള്ള നിശ്ചിത എണ്ണം വിദ്യാർത്ഥികൾക്ക് സിവിൽ സർവീസ് പരീക്ഷയ്ക്കാവശ്യമായ പരിശീലന പരിപാടിയിലേക്ക് തെരഞ്ഞെടുക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു.

അപേക്ഷകർ പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരും 30 വയസിന് താഴെയുള്ളവരും ബിരുദ പഠനത്തിൽ കുറഞ്ഞത് 50% മാർക്കോടുകൂടി കോഴ്സ് പൂർത്തീകരിച്ചവരാകണം. അവസാന സെമസ്റ്റർ ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്. സെമസ്റ്റർ സമ്പ്രദായത്തിൽ ബിരുദ പഠനം നടത്തിയവരാണെങ്കിൽ അവസാന സെമസ്റ്ററിന് തൊട്ടുമുൻപ് വരെ ഫലം പ്രഖ്യാപിച്ചിട്ടുള്ള സെമസ്റ്റർ പരീക്ഷകളിലെല്ലാം 50% മാർക്കോടെ വിജയിച്ചിരിക്കണം. കുടുംബ വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ അധികരിക്കാൻ പാടില്ല.

നിശ്ചിത യോഗ്യതയുള്ള പരമാവധി 50 പേർക്ക് പൂർണമായും മെറിറ്റ് അടിസ്ഥാനത്തിൽ ആദ്യഘട്ടത്തിൽ പ്രവേശനം നൽകുന്നതും തുടർന്ന് തിരുവനന്തപുരത്ത് നടക്കുന്ന ഒരു മാസ ദൈർഘ്യമുള്ളതും താമസ ഭക്ഷണ സൗകര്യത്തോടെയുള്ളതുമായ ഓറിയന്റേഷൻ കോഴ്സിൽ പങ്കെടുക്കാവുന്നതുമാണ്.

ഓറിയന്റേഷൻ കോഴ്സിന് ശേഷം നടക്കുന്ന സ്ക്രീനിങ് ടെസ്റ്റിനും ഇന്റർവ്യൂവിനും ശേഷം തെരഞ്ഞെടുക്കപ്പെടുന്ന പരമാവധി 30 മത്സരാർത്ഥികൾക്ക് കേരളത്തിലോ, കേരളത്തിന് പുറത്തോ ഉള്ള തെരഞ്ഞെടുക്കപ്പെട്ട കോച്ചിംഗ് സ്ഥാപനങ്ങളിൽ ഒരു വർഷ കോഴ്സിന് ചേർന്ന് പഠിക്കുന്നതിനുള്ള അവസരം നല്കുന്നതുമായിരിക്കും.

തെരഞ്ഞെടുക്കപ്പെടുന്നവർക്കുള്ള യാത്രാച്ചെലവ് (ട്രെയിൻ), കോഴ്സ് ഫീ , താമസം, ഭക്ഷണം ഉൾപ്പെടെയുള്ള ചെലവ് പോക്കറ്റ് മണി ഉൾപ്പെടെ വകുപ്പിൽ നിന്നും നൽകുന്നതായിരിക്കും.

പ്രിലിമിനറി പരീക്ഷക്കുവേണ്ടി കേരളത്തിലോ, കേരളത്തിന് പുറത്തോ ഉള്ള സ്ഥാപനത്തിൽ ഒരു വർഷത്തെ അല്ലെങ്കിൽ പ്രിലിമിനറി പരീക്ഷാ ഫലം വരുന്നതുവരെ (ആവശ്യമായി വരുന്ന പക്ഷം ആയത് പരമാവധി 2 വർഷം വരെ) താമസ സൗകര്യം അനുവദിച്ചു നൽകുന്നതായിരിക്കും.

മേൽ പരിശീലനത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ള അർഹരായവർ ഇതോടൊപ്പമുള്ള അപേക്ഷാഫോമിൽ വിവരങ്ങൾ രേഖപ്പെടുത്തി യോഗ്യത പരീക്ഷയുടെ സർട്ടിഫിക്കറ്റിന്റെയും ജാതി വരുമാന സർട്ടിഫിക്കറ്റുകളുടെയും പകർപ്പുകൾ സഹിതം പട്ടിക വർഗ വികസന വകുപ്പിന്റെ ഡയറക്ടറേറ്റിൽ **22.7.2023 ന് 5 മണിക്ക്** മുൻപായി നേരിട്ടോ തപാൽ മാർഗമോ ലഭ്യമാക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം ലഭിക്കാത്തതും ആവശ്യമായ രേഖകൾ ഇല്ലാത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല. 2022 -23 വർഷം സിവിൽ സർവീസ് പരിശീലന പരിപാടിയിൽ പരിശീലനം ലഭിച്ചവർ ഈ പരിശീലനത്തിന് അപേക്ഷിക്കേണ്ടതില്ല. യോഗ്യരായ പട്ടികവർഗ യുവതി യുവാക്കൾ ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് പട്ടികവർഗ വികസനവകുപ്പ് ഡയറക്ടർ അറിയിക്കുന്നു.

അപേക്ഷകൾ അയക്കേണ്ട വിലാസം

അപേക്ഷകൾ അയക്കേണ്ട വിലാസം

ഡയറക്ടർ
പട്ടികവർഗ വികസന വകുപ്പ്
നാലാം നില, വികാസ് ഭവൻ,
തിരുവനന്തപുരം-**695 033**

കൂടുതൽ വിവരങ്ങൾക്ക് **0471-2303229/ 0471-2304594** എന്നീ ഫോൺ നമ്പറുകളിലോ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ടോൾ ഫ്രീ നമ്പരായ **1800 425 2312** ലോ ബന്ധപ്പെടേണ്ടതാണ്

ഒപ്പ്/-
ഡയറക്ടർ

പകർപ്പ് :-ബി 1 (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )

ഉത്തരവിൻ പ്രകാരം

വൈ ബിപിൻ ദാസ്
അസിസ്റ്റന്റ് ഡയറക്ടർ(വിദ്യാഭ്യാസം)

## പട്ടികവർഗ്ഗ വികസന വകുപ്പ്
## സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിനുള്ള അപേക്ഷാഫോറം 2023-24

1. Name :
2. Address with Pincode (Present Address) :
3. Sex :
4. Caste/Community :
5. Date of Birth :
6. Marital Status :
7. Family Income :
8. Name & Occupation Of Parents :
9. Whether the applicant employed or Not
10. Email Id :
11. Mobile No. :
12. State :
13. Nationality :
14. Educational Qualification : (From SSLC onwards)

| Sl. No. | Name of Institution | Course & Year | Score | No.of Attempts |
|---|---|---|---|---|
| 1. | | | | |
| 2. | | | | |
| 3. | | | | |
| 4. | | | | |

15. Whether Physically handicapped (Y/N) :
16. Details of previous attempts made for CSE or any other competitive examinations. :

Declaration

I here by declare that the above statements are correct and complete to the best of my knowledge and belief.

Place:
Date :

Applicant Name&
Signature :